പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 5337 — 26/03/2018 ൽ മറുപടിക്ക്

**റീസർവ്വേ പൂർത്തിയാക്കുന്നതിനുള്ള കർമ്മ പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അടൂർ പ്രകാശ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) റീസർവ്വേ നടപടികൾ എത്ര വർഷത്തിനകം പൂർത്തീയാക്കുന്നതിനുള്ള കർമ്മ പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;<br><br>(ബി) ഇത്തരത്തിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ ; | (എ) & (ബി) റീസർവ്വേ നടപടികൾ എത്ര വർഷത്തിനകം പൂർത്തിയാക്കാം എന്ന് കൃത്യമായി കണക്കാക്കിയിട്ടില്ല. കേന്ദ്ര/സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളെ ഉൾപ്പെടുത്തി സർവ്വേ വകുപ്പിന്റെ മേൽനോട്ടത്തിൽ റീസർവ്വേ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടപ്പിലാക്കുന്ന വിഷയം സർക്കാർ പരിഗണനയിലാണ്. |
| (സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് റീസർവ്വേ നടപടികൾ പൂർത്തീകരിക്കാൻ തയ്യാറാക്കിയ റിപ്പോർട്ടിന്മേൽ ഈ സർക്കാർ നാളിതുവരെ കൈക്കൊണ്ട തുടർ നടപടികൾ ഇനം തിരിച്ച് വെളിപ്പെടുത്തുമോ; | (സി) സംസ്ഥാനത്ത് സർക്കാർ ഭൂമിയിൽ മാത്രമായി നിജപ്പെടുത്തിയിരുന്ന റീസർവ്വേ, 24/01/2017 ലെ സ.ഉ.(എം.എസ്സ്) നം. 28/2017/റവന്യൂ ഉത്തരവ് പ്രകാരം വ്യക്തമായ ആക്ഷൻ പ്ലാനോടെയും സമയബന്ധിതമായും കുറ്റമറ്റ രീതിയിലും പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടെ പുനരാരംഭിക്കുകയും കാസറഗോഡ് ജില്ലയിലെ 10 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വേ പൂർത്തിയായിട്ടുള്ളതും, നിലവിൽ എല്ലാ ജില്ലകളിലുമായി 32 ഡിജിറ്റൽ സർവ്വേ വർക്കുകൾ പുരോഗതിയിലുമാണ്. |
| (ഡി) റീസർവ്വേ അടിയന്തിരമായി പൂർത്തീകരിക്കാൻ ഇപ്പോൾ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വിശദീകരിക്കുമോ ? | (ഡി) കേന്ദ്ര/സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളെ ഉൾപ്പെടുത്തി സർവ്വേ വകുപ്പിന്റെ മേൽനോട്ടത്തിൽ റീസർവ്വേ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടപ്പിലാക്കുന്ന വിഷയം സർക്കാർ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ